MR. PAUL THALIATH : ₹ 1000 കണ്ടി തടി കൊടുക്കാമെന്നു പറഞ്ഞിരിക്കുന്നതു കൊല്ലംതോറുമാണോ അതോ ഒരുപ്രാവശ്യമായാണോ?

HON'BLE MR. T. K. NARAYANA PILLAI : കൊല്ലംതോറും കൊടുക്കാമെന്നു വ്യവസ്ഥചെയ്തിട്ടില്ല.

MR. PAUL THALIATH : ₹ 1000 കണ്ടി തടി മാത്രം കൊടുത്താൽ ഗവണ്മെൻറും ആ കമ്പനിയുമായുള്ള എഗ്രിമെൻറ് അവസാനിക്കുമെന്നാണോ പറയുന്നതു് ?

HON'BLE MR T. K NARAYANA PILLAI : അതെ. ₹ 1000 കണ്ടി കൊടുത്തുകഴിഞ്ഞാൽ കരാർ ഊർജ്ജിതത്തിൽ ഇരിക്കുന്നതല്ല.

MR. PAUL THALIATH : ഇതുവരെ എത്ര കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

HON'BLE MR. T. K. NARAYANA PILLAI : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം.

* 170. MR. P. C ADICHAN (*Kunnathur II—Kurava*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കുന്നത്തൂർ താലൂക്കിൽ നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കിയതു് ഏതു കൊല്ലത്തിലാണു് ?

(ബി) അതിൻറെ തലേകൊല്ലത്തിൽ ആ താലൂക്കിൽ ആകെ സ്കൂളുകളിൽ പഠിച്ചുകൊണ്ടിരുന്ന ഹരിജനവിദ്യാർത്ഥികളുടെ എണ്ണം എത്ര?

(സി) നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പാക്കിയതിനു ശേഷം എത്ര സ്കൂൾ വർഷമായി ?

(ഡി) ഈ കൊല്ലങ്ങളിൽ ഓരോക്രമം എത്ര ഹരിജനക്കുട്ടികൾ സ്കൂളിൽ പൊയ്ക്കൊണ്ടിരുന്നു ?

HON'BLE MR. N. KUNJURAMAN : (എ) ₹ ൧൯൫൨-൫൩ സ്കൂൾ വർഷത്തിൽ.

(ബി) ൯൬൬.

(സി) കുന്നത്തൂർ താലൂക്കിൽ നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിലാക്കിയശേഷം ഇതു രണ്ടാമത്തെ സ്കൂൾവർഷമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക ക ഖ ഘ – ങ ച് ൽ ന ള ഴ ഷ.
ക ക ഖ ങ – ഘ ര് – ൽ ര് ര് ഠ ക.

MR. P. C. ADICHAN : അവിടെ കുട്ടികൾ പള്ളിക്കൂടത്തിൽ പോകാൻ വിഷമിക്കുന്നതായി അറിയാമോ ?

HO'NBLE MR. N. KUNJURAMAN : അറിവില്ല.

MR. P. C. ADICHAN : കൂലിവേലകൊണ്ടുമാത്രം ജീവിതം കഴിക്കുന്ന ഒരു സ്ത്രീക്ക് രണ്ടു കുട്ടികൾ ഉണ്ടെന്നിരിക്കട്ടെ. ആ സ്ത്രീ ജോലിക്കു പോകുമ്പോൾ ഇളയകുട്ടിയെ സൂക്ഷിക്കുന്നതിലേക്കു ആളില്ലാത്തതു കൊണ്ടു മൂത്തകുട്ടിക്കു പള്ളിക്കൂടത്തിൽ പോകാൻ നിവൃത്തിയില്ലാതെ വരുമെന്നുള്ള വിവരം അറിയാമോ ?

HON'BLE MR. N. KUNJURAMAN : അറിഞ്ഞുകൂടാ.

MR. P. C. ADICHAN : മുലകുടിക്കുന്ന കുട്ടിയെ എടുക്കാൻ വീട്ടിൽ ഒരാളില്ലെങ്കിൽ തള്ളയ്ക്കു ജോലിക്കുപോകാൻ ഒക്കുകയില്ല. ആ സ്ഥിതിക്ക് മൂത്തകുട്ടിയെ പള്ളിക്കൂടത്തിൽ അയക്കാൻ നിവൃത്തിയില്ലെന്നു വരും. അങ്ങിനെയുള്ള കുട്ടികളെ പള്ളിക്കൂടത്തിൽ അയക്കുന്നതിന് എന്താണ് വഴി?

HON'BLE MR. N. KUNJURAMAN : അതിന് ഗവണ്മെൻറ് എന്തു ചെയ്യണമെന്നാണ് ബഹു: മെമ്പർ പറയുന്നത്?

MR. P. C. ADICHAN : ഈ മുലകുടിക്കുന്ന കുട്ടികളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും ഒരു ഏർപ്പാട് ചെയ്യണം.

HON'BLE MR. N. KUNJURAMAN : അതിനു എന്തെങ്കിലും ഒരു മാർഗ്ഗം മെമ്പർക്കു പറയാനുണ്ടെങ്കിൽ അതേപ്പറ്റി ആലോചിക്കാം.

MISS ANNIE MASCARENE : Obviously, there must be a Nursery attached to that school

കുടിപാർപ്പിനോടടുത്തു് തേക്കുതോട്ടം.

* 171. MR. P. C. ADICHAN : താഴെ കാണുന്ന ചോദ്യത്തിന് ബഹു മാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പത്തനംതിട്ട താലൂക്കിൽ വടശ്ശേരിക്കര, കുമ്പളത്താംമണ്ണ്, അരിക്കകാവു, ഇഞ്ചപ്പൊയ്ക മുതലായ സ്ഥലങ്ങളോടടുത്തു തേക്കുതോട്ടം വച്ചു പിടിപ്പിച്ചിരിക്കുന്നതുകൊണ്ട് കാട്ടാന മുതലായ വന്യമൃഗങ്ങളിൽ നിന്നും ജീവാപായവും സാധുക്കളായ കൃഷിക്കാർക്ക് ഉപജീവനങ്ങളായ

LIBRARY ARCHIVES Kerala Legislative Assembly